കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്

എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം.(പി13) 257/2020

സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം ജില്ല
ഇ മെയിൽ – doekm.ksad@kerala.gov.in
ഫോൺ 0484 2422271
തീയതി.13.3.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് (സെക്രട്ടറി മുഖേന)

സർ,

വിഷയം:– കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം ജില്ല.
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം.(പി13)257/2020 തീയതി- 13.3.2020

## എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ വിനോദ് കെ. കെ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.02.2020 മുതൽ 29.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.കവിതാദേവി.വി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജീവ്.എൻ.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പ്രസാദ്.പി.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സന്തോഷ് കുമാർ.എം | ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ലോനപ്പൻ എം.പി. | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ.സുബ്രമണ്യൻ.കെ.കെ | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷെക് സർതാജ് | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.ഗ്ലെൻസൻ കെ. ജോസഫ് | 01.04.2018 | 04.12.2018 |
| | ഡോ. ലിയ ലാലി | 05.12.2018 | 31.03.2019 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ബീന കെ. എസ് | 01.04.2018 | 31.03.2019 |
| കൃഷി ഓഫീസർ | ശ്രീമതി. എൽസ ഗൈയിൽസ് | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. ഇന്ദിര പി.വി. | 01.04.2018 | 31.03.2019 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ടിന റെജീന ബി.ജെ. | 01.04.2018 | 31.03.2019 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അന ടി. | 01.04.2018 | 31.03.2019 |
| വെറ്ററിനറി സർജ്ജൻ | ഡോ.ഹേന കൃഷ്ണൻ | 01.04.2018 | 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഗോപകുമാർ എ. | 01.04.2018 | 31.03.2019 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കാഞ്ഞൂർ) | ശ്രീ.നജീബ്.ടി.എസ്. | 01.04.2018 | 06.03.2019 (07.03.19 മുതൽ വി.ഇ.ഒ.പാറപ്പുറത്തിന് ചാർജ്ജ്) |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പാറപ്പുറം) | ശ്രീമതി.റിയ ജോർജ്ജ് | 01.04.2018 | 31.03.2019 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾഅവധിയിൽ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ഓഡിറ്റ് ഇംപാക്റ്റ് | 1-12 |
| 13 | വസ്തു നികുതി-അപാകതകൾ | 1-13 |
| 14 | തൊഴിൽ നികുതി-അപാകതകൾ | 1-14 |
| 15 | ലൈസൻസ് ഫീസ്- അപാകതകൾ | 1-15 |
| 16 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടിലെ അപാകത | 1-16 |
| 17 | ചെലവഴിക്കാത്ത ഗ്രാന്റ് തുകകൾ തിരിച്ച് നൽകണം | 1-17 |
| 18 | ആദായനികുതി ഈടാക്കേണ്ടതാണ്. | 1-18 |
| 19 | ജലനിധി പദ്ധതി - തുടർനടപടികളില്ല | 1-19 |
| 20 | പഞ്ചായത്ത് കമ്മിററിയുടെ തീരുമാനം-നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല | 1-20 |
| 21 | ക്ഷീര കർഷകർക്ക് സബ്സിഡി- പദ്ധതി നടപ്പാക്കിയില്ല | 1-21 |
| 22 | വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാതെ വിതരണം നടത്തി | 1-22 |
| | ഭാഗം –2, 3 ഇല്ല | |
| | ഭാഗം 4 | |
| 23 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 27 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപങ്ങൾഅവധിയിൽ | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 31 | ചാർജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| [illegible] | [illegible] | |

| | | |
|---|---|---|
| 35 | ബാലൻസ് ഷീറ്റ്(2018-19), ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്(2018-19), റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്(2018-19) | അനുബന്ധം2 |
| | | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26.3.2018 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 12.02.2019 ലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.7.2019 | 10.05.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 70,17,570 |
| വരവ് | 7,27,60,068 |
| ആകെ | 7,97,77,638 |
| ചെലവ് | 6,55,64,854 |
| നീക്കിയിരിപ്പ് | 1,42,12,784 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ | 0 | 1,08,50,011 | 1,08,50,011 | 1,01,55,005 | 0 | 6,95,006 |
| വികസനഫണ്ട്- എസ്.സി.പി. | 0 | 43,09,000 | 43,09,000 | 34,25,202 | 0 | 8,83,798 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 1,67,000 | 1,67,000 | 1,61,985 | 0 | 5,015 |
| സംരക്ഷണഗ്രാന്റ്- റോഡ് | 0 | 2,01,97,000 | 2,01,97,000 | 1,85,72,866 | 0 | 16,24,134 |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | 0 | 27,80,000 | 27,80,000 | 25,72,208 | 0 | 2,07,792 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 67,27,393 | 67,27,393 | 49,21,663 | 0 | 18,05,730 |
| തൊഴിലുറപ്പ് പദ്ധതി | അഡ്മിനിസ്ട്രേഷൻ ചെലവ് | 2,322 | 4,04,715 | 4,07,037 | 4,05,524 | 1,513 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അംഗൻവാടി പൂരക പോഷകാഹാരം | | 14,33,648 | 5,75,950 | 20,09,598 | 6,57,293 | 13,52,305 | 0 |
| ജോയിന്റ് വെഞ്ചർ | ബ്ലോക്ക് പഞ്ചായത്ത് | 8,00,000 | 9,67,120 | 17,67,120 | 15,17,373 | 2,49,747 | 0 |
| | ജില്ലാ പഞ്ചായത്ത് | 17,56,592 | 2,95,938 | 20,52,530 | 18,75,000 | 1,77,530 | 0 |
| ബി ഫണ്ട് | | 0 | 1,35,480 | 1,35,480 | 1,35,480 | 0 | 0 |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 0 | 0 | 3,75,000 | 3,75,000 | 3,75,000 | 0 | 0 |
| സ്വച്ഛ് ഭാരത് മിഷൻ- പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 3,77,100 | 3,77,100 | 3,45,556 | 31,544 | 0 |
| വിമുക്തി ഫണ്ട് | | 37,500 | 25,000 | 62,500 | 12,331 | 50,169 | 0 |
| എൻ.എച്ച്.എം ഫണ്ട്- (ആരോഗ്യ കേരളം പുരസ്കാരം -രണ്ടാംസ്ഥാനം) | | 3,00,000 | 0 | 3,00,000 | 0 | 3,00,000 | 0 |
| ദുരിതാശ്വാസനിധി | 0 | 3,984 | 10,698 | 14,682 | 0 | 14,682 | 0 |
| ശുചിത്വമിഷൻ ഫണ്ട്- സ്വച്ഛ് ഭാരത് മിഷൻ | 0 | 0 | 18,77,100 | 18,77,100 | 5,27,100 | 13,50,000 | 0 |
| കൃഷി ഓഫീസ് മെയിന്റനൻസിന് ലഭിച്ച ഫണ്ട് | | 75,562 | 0 | 75,562 | 0 | 75,562 | 0 |
| ബേബി ഫ്രണ്ട്ലി ടോയ്ലെറ്റ് നിർമ്മാണ ഫണ്ട് | 0 | 0 | 36,000 | 36,000 | 0 | 36,000 | 0 |
| എം.എൻ ഭവനപദ്ധതി- ജില്ലാ സഹകരണബാങ്ക് അക്കൗണ്ട് | | 13,12,876 | 0 | 13,12,876 | 0 | 13,12,876 | 0 |
| ജനകീയ ഭവനപദ്ധതി- യു.ബി.ഐ | | 11,143 | 395 | 11,538 | 0 | 11,538 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 41,32,257 | 2,20,51,998 | 2,61,84,255 | 2,05,76,404 | 56,07,851 | 0 |
| | ട്രഷറി അക്കൗണ്ട് | 4,64,054 | 88,47,490 | 93,11,544 | 36,49,978 | 56,61,566 | 0 |
| എസ്.ബി.ഐ. ജലനിധി അക്കൗണ്ട് | | 10,36,798 | 36,767 | 10,73,565 | 0 | 10,73,565 | 0 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കി | പദ്ധതി | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | യത് (എണ്ണം) | ചെലവ് | നടപ്പാക്കി യത് (എണ്ണം) | ത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 187 | 6,78,40,344 | 150 | 4,76,41,407 | 10 | 27 | 85.6 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

# 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2,322 | 4,04,715 | 4,07,037 | 4,05,524 | 1,513 |
| 100 തൊഴിൽ ദിനങ്ങൾ തികച്ചവർക്കുള്ള പാരിതോഷികം | 0 | 1,25,000 | 1,25,000 | 1,25,000 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,80,61,569 | 1,80,61,569 | 1,80,61,569 | 0 |
| ആകെ | 2,322 | 1,85,91,284 | 1,85,93,606 | 1,85,92,093 | 1,513 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 15,480 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 56,89,200 | 498 |
| വിധവാപെൻഷൻ | 87,08,100 | 738 |
| വാർദ്ധക്യകാലപെൻഷൻ | 2,09,73,200 | 1831 |
| വികലാംഗപെൻഷൻ | 32,53,500 | 270 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 7,00,400 | 56 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,20,000 | 4 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.02.2020 തീയതിയിൽ 3.45 പി.എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ

നടത്തി. 55,590/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. രേഖകളും രജിസ്റ്ററുകളുമെല്ലാം കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവും പൊതുവേ തൃപ്തികരമാണ്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചുകാണുന്നില്ല. ഉൽപ്പാദന മേഖലയിൽ നടപ്പാക്കാവുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് 4 രൂപ വരെ നൽകാവുന്ന പദ്ധതി തൻവർഷം നടപ്പാക്കിയിട്ടില്ല. ക്ഷീര കർഷകർക്ക് അർഹമായ ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഭാവിയിൽ ഏറ്റെടുക്കേണ്ടതാണ്. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് . സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ എല്ലാ വിവരവും രേഖപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.02.2020 | ഡിസംബർ 2019, ജനുവരി 2020 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.15-12.03.15 | 2009-10 മുതൽ 2013-14 വരെ | 02.06.2015 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

അപാകതകൾ ഖണ്ഡിക 4-1 ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിൽ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-12 ഓഡിറ്റ് ഇംപാക്റ്റ്

വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാത്തതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയെ (നം 05) തുടർന്ന് ആകെ 27,080/- രൂപ വിവിധ രസീതുകൾ പ്രകാരം ഓഡിറ്റ് വേളയിൽ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

## 1-13 വസ്തു നികുതി-അപാകതകൾ

1. വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I 18-പ്രകാരം പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ റസിഡെൻഷ്യൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 833/-രൂപയും നൺറസിഡെൻഷ്യൽ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 999554/-രൂപയും വരവായി

ചേർത്തിട്ടുള്ളതായി കാണുന്നു. ഡാറ്റാ പ്യൂരിഫിക്കേഷൻ മൂലം അധിക നികുതി ഈടാക്കിയതു മൂലമാണ് വ്യതാസം ഉണ്ടായിട്ടുള്ളത് എന്ന് അന്വേഷണകുറിപ്പിനുള്ള മറുപടിയിൽ അറിയിച്ചു. ഇത്തരത്തിൽ വരുന്ന വ്യത്യാസം ഏതേത് കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശങ്ങളടക്കം റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

2. വസ്തു നികുതി വരവുമായി ബന്ധപ്പെട്ട് 27-2-2020 തീയതിയിലെ 2018-19 വർഷത്തെ സഞ്ചയ DCB സ്റ്റേറ്റ്മെന്റും 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള DCB യും തമ്മിൽ പൊരുത്തപെടുന്നില്ല.

| | | ഡിമാന്റ് | കലക്ഷൻ | ബാലൻസ് |
|---|---|---|---|---|
| സഞ്ചയ DCB സ്റ്റേറ്റ്മെന്റ് പ്രകാരം | റസിഡെൻഷ്യൽ | 2197565 | 1429665 | 691390 |
| | നൺറസിഡെൻഷ്യൽ | 2598002 | 1960696 | 431730 |
| | ആകെ | 4795567 | 3390361 | 1123120 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | റസിഡെൻഷ്യൽ | 2230130 | 1492547 | 775523 |
| | നോൺ റസിഡെൻഷ്യൽ | 2628764 | 1807619 | 475356 |
| | ആകെ | 4858894 | 3300166 | 1250879 |

തൻവർഷ വസ്തുനികുതി വരവിൽ സഞ്ചയ വരവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും തമ്മിലുള്ള വ്യത്യാസം ഏതേതു കെട്ടിട നമ്പരുമായി ബന്ധപ്പെട്ടതാണ് എന്ന വിശദാംശങ്ങളടക്കം റികൺസൈൽ ചെയ്ത് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

# 1-14 തൊഴിൽ നികുതി-അപാകതകൾ

**(1).** സ്ഥാപന തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളെയും ഉൾപെടുത്തി സ്ഥാപന ലിസ്ററ് തയ്യാറാക്കുകയോ, തൊഴിൽ നികുതി കണക്കാക്കുന്നതിനും ഈടാക്കുന്നതിനുമായി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയോ ചെയ്യുന്നില്ല. ലൈസൻസിന് അപേക്ഷിയ്ക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മാത്രം സ്ഥാപന തൊഴിൽ നികുതി ഈടാക്കുകയും അത് ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. മുൻവർഷങ്ങളിൽ നികുതി അടച്ചതും പുതിയ സ്ഥാപനങ്ങളും അടക്കം എല്ലാ സ്ഥാപനങ്ങളും നികുതി അടയ്ക്കുന്നുണ്ടോ എന്ന് പരിശോധിയ്ക്കുകയോ ഉറപ്പാക്കുകയോ ചെയ്യുന്നില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും ഈ ലിസ്റ്റിലെ ക്രമപ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതുമാണ്.

**(2).** താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കേരള ബാംബൂ കോർപറേഷൻ, പാറപ്പുറം | Ist & IInd |

| | | |
|---|---|---|
| 2 | സ്കൂൾ ഓഫ് നഴ്സിങ്ങ്, കാഞ്ഞൂർ | Ist & IInd |
| 3 | ദേവസ്വം ഓഫീസ്, കാഞ്ഞൂർ, ചൊവ്വര ദേവസ്വം | Ist & IInd |
| 4 | ഇറിഗേഷൻ കാഞ്ഞൂർ, അസിസ്റ്റന്റ് എഞ്ചിനിയർ, ഇലക്ട്രിക്കൽ വിങ്ങ്, കാലടി | Ist & IInd |

## ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

(3). താഴെ ചേർത്ത സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | കെ.എസ്.ഇ.ബി. | Ist & IInd |
| 2. | വിമല ഹോസ്പിറ്റൽ | ,, |
| 3 | ക്ഷീരവികസനകേന്ദ്രം, കാഞ്ഞൂർ | ,, |
| 4. | ക്ഷീരവികസനകേന്ദ്രം, പുതിയേടം | ,, |
| 5. | ക്ഷീരവികസനകേന്ദ്രം, പാറപ്പുറം | ,, |
| 6. | ബി.എസ്.എൻ.എൽ. | ,, |
| 7. | കാഞ്ഞൂർ സർവീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം കാഞ്ഞൂർ | ,, |

ഈ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(4). ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്ന സ്ഥിര, താല്ക്കാലിക, ദിവസ, കരാർ വേതനക്കാരിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല. ലൈസൻസിനുള്ള അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ പരിശോധിച്ച് അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. (ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നില്ല. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ പ്രകാരം ഈ സ്ഥാപനങ്ങളിൽ ജീവനക്കാർ പ്രവൃത്തിയെടുക്കുന്നതായി വ്യക്തമാകുന്നു. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.) ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | 23 | എസ്.&ബി. സ്പൈസസ്, ഓയിൽ | 2 |
| 2 | 2 | എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് | 3 |
| 3 | 29 | പി.വി.സി.ബെന്റ് നിർമ്മാണം | - |
| 4 | 9 | അരിപ്പൊടി നിർമ്മാണം | 3 |
| 5 | 139 | ശിവദം ഗ്രൂപ്പ് – പൈപ്പ്, ടാങ്ക് – സംഭരണം, വിൽപ്പന | 2 |
| 6 | 99 | കാദേഴ്സ് ഫുഡ് പ്രൊഡക്ട്സ് | 6 |
| | | [illegible] | |

| | | | |
|---|---|---|---|
| 7 | 32 | കാദേഴ്സ് ബിൽഡിംഗ് മെറ്റീരിയൽസ് | 9 |
| 8 | 66 | റോസറി പാക്കേജിംങ് | 15 |
| 9 | 55 | വർഗ്ഗീസ് സൺസ് ഔട്ട് ഡോർ കാറ്ററിംങ് | 5 |
| 10 | 131 | ബ്രൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രീസ് | 2 |
| 11 | 196 | മെട്രോ റബർ പ്രൊഡക്ട്സ് | 3 |
| 12 | 127 | സ്പൈസ് പ്ലാന്റേഴ്സ് | - |
| 13 | 136 | ജോമേരി ആയുർവേദ ക്ലിനിക് | 3 |
| 14 | 151 | ശ്രീപദം ആയുർവേദ ചികിത്സാലയം | 2 |
| 15 | 225 | ഓക്സിജൻ ഇന്റർനാഷണൽ | 1 |

ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(5). 2018-19 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ മരാമത്ത് വേലകൾ നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(6). പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്ത് സ്ഥാപനങ്ങൾ, ഡ്രൈവിങ്ങ് സ്കൂൾ, കള്ള്ഷാപ്പുകൾ, റേഷൻ ഷോപ്പുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 ലൈസൻസ് ഫീസ്- അപാകതകൾ

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്.

(2).പഞ്ചായത്ത് പരിധിയിൽ വാണിജ്യ ആവശ്യങ്ങൾക്കായി വസ്തു നികുതി നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെയും ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളുടെയും എണ്ണത്തിൽ ഗണ്യമായ വ്യത്യാസം കാണുന്നു. സഞ്ചയ പ്രകാരം വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി 1229 കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട് എങ്കിലും 2018-19 വർഷം 287 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. കൂടാതെ 2017-18 വർഷം 292 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിരുന്നെങ്കിൽ 2018-19 വർഷം അത് 287സ്ഥാപനങ്ങളായി കുറഞ്ഞതായും കാണുന്നു. പഞ്ചായത്ത് പരിധിയിൽ ലൈസൻസ് എടുക്കാതെ സ്ഥാപങ്ങൾ പ്രവർത്തിയ്ക്കുന്നു എന്ന് ഇത് വ്യക്തമാക്കുന്നു.

(3).2017-18 വർഷം ലൈസൻസ് ഫീ അടച്ച പല സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷം ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല എന്ന് ലൈസൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഉദാഹരണങ്ങൾ താഴെ ചെർക്കുന്നു.

| ക്രമ മം | കെട്ടിട നം | 2017-18 ലൈസൻസ് | സ്ഥാപനം |
|---|---|---|---|
| 1 | I/178 | 131 | കല്ല്യാണി പ്രോഡക്ട്സ് |
| 2 | 8/319A | 171 | M/s ജോർജ് ഇൻഡസ്ട്രീസ് |
| 3 | 13/60 | 153 | ഇഷ്ടിക നിർമ്മാണം |
| 4 | 13/212A | 154 | ഇഷ്ടിക നിർമ്മാണം |
| 5 | 13/298 | 155 | ഇഷ്ടിക നിർമ്മാണം |
| 6 | 13/62A | 157 | ഇഷ്ടിക നിർമ്മാണം |
| 7 | 13/213 | 158 | ഇഷ്ടിക നിർമ്മാണം |
| 8 | 13/296 | 159 | ഇഷ്ടിക നിർമ്മാണം |
| 9 | 14/484 | 180 | പുതുശ്ശേരി എർത് മൂവേഴ്സ് |

ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ച് വിവരം അറിയിക്കേണ്ടതാണ്.

(4).1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ 31-10-2017 ലെ ജി ഒ (പി ) 80/2017/ എൽ എസ് ജി ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 വിന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതു പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-,1000/-,5000/-,10000/-,15000/- എന്ന നിരക്കാണ് ലൈസൻസ് ഫീസായി നിശ്ചയിച്ചിട്ടുള്ളത്. മേൽ ചട്ട പ്രകാരം സേവന മേഖലയിൽ മൂലധനനിക്ഷേപം 10 ലക്ഷം വരെ മൈക്രോ സ്ഥാപനങ്ങളായും 10 ലക്ഷം മുതൽ 50 ലക്ഷം വരെ മിനിസ്ഥാപനങ്ങളായും 50 ലക്ഷം മുതൽ 2കോടി വരെ സ്മാൾ സ്ഥാപനങ്ങളായും 2 കോടി മുതൽ 5 കോടി വരെ മീഡിയം സ്ഥാപനങ്ങളായും, 5 കോടിക്ക് മുകളിൽ ലാർജ് സ്ഥാപനങ്ങളായും തിരിച്ച് യഥാക്രമം പരമാവധി 500/-,1000-, 5000-,10000/-,15000/- എന്ന നിരക്കിലാണ് ലൈസൻസ് ഫീ ഈടാക്കേണ്ടത്. പഞ്ചായത്ത് കമ്മിറ്റിയുടെ 30.5.2018 ലെ 40ാംനമ്പർ തീരുമാനപ്രകാരം സേവനമേഖലയിൽ മൂലധനനിക്ഷേപം 5 ലക്ഷം വരെ 200/ രൂപയും 5 ലക്ഷം മുതൽ 10 ലക്ഷം വരെ 300/ രൂപയും മൂലധനനിക്ഷേപം 10 ലക്ഷത്തിന് മുകളിൽ 500/ രൂപയും ഈടാക്കുന്നതിനായി തീരുമാനിച്ചിരിക്കുന്നു. വിവിധ വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങൾക്ക് നിശ്ചയിച്ച പരമാവധി ഫീസിന് വിധേയമായി കുറഞ്ഞനിരക്ക് നിശ്ചയിക്കാമെങ്കിലും സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരം തിരിക്കാതെ വ്യത്യസ്തമായ മൂലധനനിക്ഷേപങ്ങൾക്കനുസരിച്ച് ലൈസൻസ് ഫീ നിശ്ചയിച്ച് ഈടാക്കിയത് അംഗീകരിക്കാനാകില്ല. ഇതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകാനിടയായിട്ടുണ്ട്. ഇത്തരത്തിൽ നിരക്കുകൾ നിശ്ചയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും നൽകിയില്ല. അപാകതകൾ പരിഹരിച്ച് നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

(5). ലൈസൻസ് ഫീ നിശ്ചയിക്കുന്നതിനായി സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം കൃത്യമായി രേഖപ്പെടുത്തുകയോ പരിശോധിച്ച് ഉറപ്പുവരുത്തുകയോ ചെയ്യുന്നില്ല. മൂലധന നിക്ഷേപം കണക്കാക്കുന്നതിന് പരിശോധനാ വിധേയമാക്കേണ്ട രേഖകളും നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനവും നിശ്ചയിച്ച് അറിയിക്കേണ്ടതാണ്.

(6). അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണകുറിപ്പിനുള്ള (നം-3/27.02.2020) മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. അപാകതകൾ പരിഹരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അടിന്തിര ശ്രദ്ധ ഉണ്ടാകേണ്ടതും സ്ഥല പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

# 1-16 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടിലെ അപാകത

എ)<u>ടെൻഡർ നടപടിയിലെ അപാകത</u>

കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷം സെക്രട്ടറി നടപ്പിലാക്കിയ ചെങ്ങൽ പാലം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി വൈദ്യുതീകരണം എന്ന പ്രോജക്ടിൽ ടെൻഡർ നടപടി സ്വീകരിച്ചതിൽ അപാകത കാണുന്നു. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് നടത്തിയ ടെൻഡർ നടപടിയിൽ 3 സ്ഥാപനങ്ങൾ പങ്കെടുത്തിരുന്നു.വിശദ വിവരം താഴെ ചേർക്കുന്നു.

| പങ്കെടുത്ത സ്ഥാപനങ്ങൾ | ടെൻഡർ പ്രകാരമുള്ള നിരക്ക് |
|---|---|
| പവറോൺ | എസ്റ്റിമേറ്റ് നിരക്ക് |
| സിൽവാനോസ് | എസ്റ്റിമേറ്റ് നിരക്കിലും 5% കൂടിയ നിരക്ക് |
| ടി.വി.ജനാർദ്ദനൻ ടി.വി.ഇലക്ട്രിക്കൽസ്,ദേശം | എസ്റ്റിമേറ്റ് നിരക്കിലും 5% കുറവ് |

മേൽ സ്ഥാപനങ്ങൾ പ്രാഥമിക എഗ്രിമെന്റ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കരാർ ലൈസൻസിന്റെ പകർപ്പ് എന്നിവ ഹാജരാക്കിയിരുന്നു. എന്നാൽ ടി.വി. ജനാർദ്ദനൻ എസ്റ്റിമേറ്റ് നിരക്കിലും 5% കുറവ് ടെൻഡറിൽ രേഖപ്പെടുത്തിയിരുന്നുവെങ്കിലും 19.12.2017 ൽ കത്ത് മുഖേന താൻ ടെൻഡറിൽ പങ്കെടുത്തിട്ടില്ലായെന്ന് വ്യക്തമാക്കുകയും മേൽ പ്രവർത്തിയിൽ നിന്നും ഒഴിവാക്കി തരണമെന്ന് സെക്രട്ടറിയോട് അപേക്ഷിക്കുകയും ചെയ്തിരുന്നു. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഉൾപ്പെടെ ഹാജരാക്കിയ കരാറുകാരൻ പിൻവാങ്ങിയത് അംഗീകരിക്കാവുന്നതല്ല. ഇപ്രകാരം കരാറുകാരൻ ഒഴിവായത് മൂലം മേൽ പ്രവൃത്തിക്ക് അധിക ചെലവ് വന്നിട്ടുണ്ട്. പദ്ധതിയുടെ ആകെ ചെലവ് 4,47,058/- രൂപയാണ്. അതിന്റെ 5% തുകയായ 22,352/- രൂപ പഞ്ചായത്തിന് അധികം ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## (ബി) <u>സ്ട്രീറ്റ് ലൈൻ വലിക്കൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.0033/19 |
| പ്രോജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ,പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 643000 |
| ചെലവ് | 200414(ബിൽ നമ്പർ/തീയതി 44/18-19/15.02.2019-79131/- രൂപ |

| | |
|---|---|
| | ബിൽ നമ്പർ/തീയതി 51/18-19/15.03.2019-90000/- രൂപ<br>ബിൽ നമ്പർ/തീയതി 49/18-19/10.03.2019-31283/- രൂപ) |

കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ,പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന പ്രോജക്ടിൽ 2,00,414/- രൂപ കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് ഇനത്തിൽ നല്കിയിരുന്നു. മേൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 2,00,414/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-17 ചെലവഴിക്കാത്ത ഗ്രാന്റ് തുകകൾ തിരിച്ച് നൽകണം

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ പഞ്ചായത്തിനു ലഭിച്ച താഴെ പറയുന്ന ഇനങ്ങളിലെ ഫണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഇനം | 2018-19 വാർഷിക കണക്കനുസരിച്ചുള്ള നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | 320100115-സ്വച്ഛ് ഭാരത് മിഷൻ ഗ്രാന്റ് | 31,544 |
| 2 | 320200201- കൃഷി ഭവൻ മെയിന്റനൻസിന് ലഭ്യമായ തുക | 75,562 |
| 3 | 320200302-അംഗൻവാടികളിൽ ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് | 36,000 |
| 4 | 320300103-ശുചിത്വ മിഷൻ-സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് | 13,50,000 |
| 5 | 320300199-വിമുക്തി പ്രോഗ്രാം ഫണ്ട് | 50,169 |
| 6 | 320200301-ജനകീയ ഭവനപദ്ധതി | 11,538 |
| 7 | 320600101-എം.എൻ ഭവനപദ്ധതി | 13,12,876 |

2018-19 വാർഷിക കണക്ക് ബി4 ഷെഡ്യൂൾ പ്രകാരം മേൽപ്പറഞ്ഞ ഇനങ്ങളിൽ അവശേഷിക്കുന്ന തുക വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുകയോ, അല്ലാത്തപക്ഷം നീക്കിയിരിപ്പ് തുകകൾ സർക്കാരിലേക്കോ ബന്ധപ്പെട്ട ഏജൻസികളിലേക്കോ തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

# 1-18 ആദായനികുതി ഈടാക്കേണ്ടതാണ്.

കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം വക്കീൽ ഫീസ് ഇനത്തിൽ

ശ്രീ.പി.ജി.ജോസിനു നല്കിയ തുകകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

.

| സീരിയൽ നം | വൌച്ചർനം | തീയതി | തുക |
|---|---|---|---|
| 1 | 21800084 | 17.4.18 | 15000 |
| 2 | 21800199 | 28.5.18 | 15000 |
| 3 | 21800499 | 14.8.18 | 15000 |
| 4 | 21800792 | 13.11.18 | 15000 |
| 5 | 21800793 | 13.11.18 | 15000 |
| 6 | 21801155 | 1.3.19 | 15000 |
| ആകെ | | | 90000/- |

ടിയാനിൽനിന്നും 1961ലെ ആദായനികുതി ആക്റ്റ്, വകുപ്പ് 194( ജെ ) പ്രകാരം 10% ആദായനികുതിയായ 9,000/- രൂപ ഈടാക്കേണ്ടതാണ്.

# 1-19 ജലനിധി പദ്ധതി- തുടർനടപടികളില്ല

ജലനിധി പദ്ധതിക്കായി കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും പേരിൽ തുടങ്ങിയ സംയുക്ത അക്കൗണ്ടിൽ (എസ്.ബി.ഐ-കാലടി ബ്രാഞ്ച് അക്കൗണ്ട് നം 67395392748) 2019 മാർച്ചിലെ കണക്കനുസരിച്ച് 10,73,565/-രൂപ നീക്കിയിരിപ്പുണ്ട്. 2016-17 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രകാരം വികസനഫണ്ട്-ജനറൽ വിഹിതത്തിൽ നിന്നും 10,00,000/- രൂപ പിൻവലിച്ച് ഈ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. സമീപത്തുള്ള മറ്റ് മൂന്ന് പഞ്ചായത്തുകൾ കൂടി ഉൾപ്പെടുന്ന സംയുക്ത പദ്ധതിക്കായാണ് ഇപ്രകാരം ഫണ്ട് മാറ്റിയിട്ടിരുന്നത്. എന്നാൽ നാളിതുവരെ പദ്ധതി തുടങ്ങിയതായി കാണുന്നില്ല. ലഭിച്ച പലിശ ഉൾപ്പെട്ട തുകയാണ് നിലവിൽ അക്കൗണ്ടിലുള്ളത്. പദ്ധതി നടപ്പാക്കുന്നില്ലെങ്കിൽ സർക്കാർ അനുമതി തേടി അക്കൗണ്ട് ക്ലോസ് ചെയ്ത് തുക പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 പഞ്ചായത്ത് കമ്മിററിയുടെ തീരുമാനം- നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല

1. കാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് കമ്മിററിയുടെ 30.05.18 ലെ തീരുമാനം 14 പ്രകാരം പഞ്ചായത്തിലെ കൃഷിഭവൻ കെട്ടിടത്തിന് വാടക കൊടുക്കുന്നതിനായി ശ്രീ. കെ.ബി.ജയൻ, കല്ലും കൂട്ടത്തിൽ വീട്, കാഞ്ഞൂർ എന്നയാളുടെ അപേക്ഷ പരിഗണിച്ച് വാടക നല്കുന്നതിനു തീരുമാനിച്ചു. ഈ വിഷയത്തിൽ കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ നടപടി നാളിതുവരെ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ കൃഷിഭവനുവേണ്ടി വർഷങ്ങൾക്കുമുൻപ് പണികഴിപ്പിച്ച കെട്ടിടം ട്രസ്സ് വർക്ക് നടത്തി നവീകരണവും നടത്തിയിട്ടും കൃഷിഭവൻ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുപോരുകയാണ്. മാത്രമല്ല കെട്ടിടത്തിന്റെ ട്രസ്സ് വർക്ക് നശിച്ചുതുടങ്ങിയതായും

കാണുന്നു. എൻക്വയറിക്കുള്ള മറുപടിയിൽ വാടക തൻവർഷം നല്കിയിട്ടില്ല എന്നാണ് അറിയിച്ചത്. പിന്നീടാണെങ്കിലും വാടക നൽകേണ്ടതായതിനാൽ ഈ വിഷയത്തിൽ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

2. കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്ത് കമ്മിററിയുടെ 11.7.18ലെ തീരുമാനം 42പ്രകാരം 2012ൽ പി.എച്ച്.സി യ്ക്ക് നല്കിയ ലാബ് ഉപകരണങ്ങൾ ലേലം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു തീരുമാനിച്ചു. പ്രോജക്റ്റ് എസ്.ഒ.123/12 പ്രകാരം വാങ്ങി നല്കിയ ഉപകരണങ്ങൾ കാലഹരണപ്പെട്ടതായും ആയവ വാങ്ങി നല്കണമെന്നും മെഡിക്കൽ ഓഫീസർ അപേക്ഷിച്ചതിന്മേലാണ് മേൽതീരുമാനം കൈക്കൊണ്ടത്. മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ട സാധനങ്ങളിൽ ചിലത് ചുവടെ ചേർക്കുന്നു.

1.മൈക്രോസ്കോപ്പ്

2.കലോറി മീററർ

3.സെന്റ്റിഫ്യൂഗ്

4.പിപ്പെററ്

5.കൌണ്ടിംഗ്ചേംബർ

6.റിവോൾവിംഗ് സ്ററൂൾ

എന്നാൽ നാളിതുവരെ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.ആരോഗ്യമേഖലയുടെ അടിസ്ഥാനയൂണിററ് എന്ന പരിഗണന നല്കി ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്ത് കമ്മിററിയുടെ 11.7.18 ലെ തീരുമാനം 4 ൽ കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ വാർഡ് 5 ലെ 6 ാം നമ്പർ അംഗൻവാടി പ്രവർത്തിക്കുന്ന നിലവിലെ വാടക കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഗണിച്ച് അംഗൻവാടിക്ക് സ്ഥലം കണ്ടെത്തുന്നതിനു തീരുമാനിച്ചു. എന്നാൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിലെ 21 അംഗൻവാടികളിൽ 9 എണ്ണം വാടകകെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. അനുപൂരക പോഷകാഹാര പദ്ധതിയിൽ ലഭിയ്ക്കുന്ന കേന്ദ്രവിഹിതം അംഗൻവാടികളുടെ നിർമ്മാണത്തിന് ഉപയുക്തമാക്കാവുന്നതാണ്. 13,52,305 രൂപ ഈ ഇനത്തിൽ അക്കൌണ്ടിൽ ഉണ്ടെന്നിരിക്കെ അംഗൻവാടികളുടെ അപര്യാപ്തതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

# 1-21 ക്ഷീര കർഷകർക്ക് സബ്സിഡി- പദ്ധതി നടപ്പാക്കിയില്ല

ഡയറി എക്സ്റ്റൻഷൻ ഓഫീസർ വഴി നടപ്പിലാക്കാവുന്ന ക്ഷീര കർഷകർക്ക് സബ്സിഡി എന്ന പ്രൊജക്റ്റ് 2018-19 വർഷം കാഞ്ഞൂർ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. ഇക്കാരണത്താൽ ക്ഷീരകർഷകർക്കായി സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം നൽകാൻ

പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മിൽമ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപ നിലവിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. പദ്ധതി നടപ്പാക്കാത്തതിനാൽ ഇപ്രകാരം അർഹമായ സബ്സിഡി 2018-19 വർഷം ക്ഷീരകർഷകർക്ക് നൽകിയിട്ടില്ല. കാലിത്തീറ്റയുടെ അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് മൂലവും ക്ഷീരകർഷകർ ഈ വേല ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി നൽകാത്തത് ശരിയായ നടപടിയല്ല. കറവപ്പശുവിനെ വാങ്ങി നൽകുന്ന പദ്ധതി എല്ലാ വർഷവും പഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട് . ധാരാളം ക്ഷീരകർഷകരുള്ള പഞ്ചായത്താണിത്. ക്ഷീരകർഷകർഷകർക്ക് പ്രോൽസാഹനം നൽകാനുതകുന്ന ഈ പദ്ധതി ആവശ്യത്തിന് ഫണ്ട് വകയിരുത്തി നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. മൃഗസംരക്ഷണവും ക്ഷീര വികസനവും എന്ന വർക്കിംഗ് ഗ്രൂപ്പ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-22 വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാതെ വിതരണം നടത്തി

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികൾ വഴി താഴെ പറയുന്ന സാധനങ്ങൾ വിതരണം നടത്തിയിട്ടുണ്ട്.

| പ്രോജക്റ്റ് നം, പേര് | ചെലവഴിച്ച തുക | വാങ്ങിയ ഇനം | വാങ്ങിയ എണ്ണം |
|---|---|---|---|
| 15, വൃദ്ധർക്ക് കട്ടിൽ | 239250 | കട്ടിൽ | 55 |
| 17, എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | 482600 | ലാപ്ടോപ് | 19 |
| 18, എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും | 1,00,000 | മേശയും കസേരയും | 20 |
| 50, എസ്.സി വനിതകൾക്ക് സൗരറാന്തൽ | 234500 | സൗരറാന്തൽ | 67 |
| 19, എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ | 79720 | സൈക്കിൾ | 16 |

മേൽപ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കാതെയാണ് വിതരണം നടത്തിയിട്ടുള്ളത്. സാധനങ്ങൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരെഴുതിയ ഒരു രജിസ്റ്റർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. വാങ്ങിയ സാധനങ്ങളുടെ വില, എണ്ണം, സ്പെസിഫിക്കേഷൻ, വാങ്ങിയ സ്ഥാപനത്തിന്റെ പേര്, ചെലവഴിച്ച തുക, വാറന്റിയുടെ വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. വാങ്ങുന്ന സാധനങ്ങൾ സ്റ്റോക്കിലെടുത്തതിനുശേഷം മാത്രം വിതരണം നടത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26.07.2019 & 27.07.2019 | കെ.എസ്.എ.ഇ.കെ.എം(പി.ജി)1227(73)/2019 തീയതി 03.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2018-19 | 1,75,000 | 40/19- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 1,75,000 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2018-19 | 1,20,938 | അനുപൂരക പോഷകാഹാരം | 0 | 1,20,938 |
| 3 | ജില്ലാ പഞ്ചായത്ത് | 2017-18 | 17,00,000 | ലൈഫ് മിഷൻ ഭവന പദ്ധതി | 17,00,000 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 2016-17 | 56592 | നെൽകൃഷിക്ക് കൂലിച്ചെലവ് | 0 | 56592 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,50,000 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 2,50,000 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 7,17,120 | ലൈഫ് മിഷൻ ഭവന പദ്ധതി | 7,17,120 | 0 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,79,000 | ലൈഫ് മിഷൻ ഭവന പദ്ധതി- എസ്.ടി | 3,21,000* | (-)42,000 |
| 8 | ബ്ലോക്ക് | 2017-18 | 5,21,000 | ബഡ്സ് സ്കൂൾ | 2,29,253 | 2,91,747 |

| | പഞ്ചായത്ത് | | | മെയിന്റനൻസ് | | |
|---|---|---|---|---|---|---|

* ലൈഫ് മിഷൻ ഭവന പദ്ധതി- എസ്.ടി **പദ്ധതിക്ക്** ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2,79,000/-രൂപയായിരുന്നു ലഭിച്ചത്. എന്നാൽ 3,21,000/- രൂപ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിലേക്ക് ബഡ്സ് സ്കൂൾ മെയിന്റനൻസിന് ലഭിച്ച ഫണ്ടിൽ നിന്നുള്ള 42,000/- രൂപ ഭവനപദ്ധതിക്കായി വകമാറ്റി ചെലവഴിച്ചിരിക്കുകയാണ്. ബഡ്സ് സ്കൂൾ മെയിന്റനൻസ് പദ്ധതിക്ക് ലഭിച്ച ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടുമില്ല.

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | NEFT | 2,00,414 | 0 | 2,00,414 |

2018-19 വാർഷിക കണക്കിലെ B18 ഷെഡ്യൂൾ പ്രകാരം 460500201-advance to implementing agencies – KWA എന്ന ഇനത്തിൽ 5,11,976/- രൂപയും, 460500202-advance to implementing agencies–KSEB എന്ന ഇനത്തിൽ 20,55,975/- രൂപയും നീക്കിയിരിപ്പുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട ഹെഡുകളിലെ തുകകൾ ക്രമീകരിക്കേണ്ടതാണ്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്റ്റ് നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | അഡ്വാൻസ് തുക | കൺവീനറുടെ പേര് | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 41,05,345/-രൂപ വരവുണ്ട്. 2018-19 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരി | തൻവർഷം തിരിച്ചടച്ച | വർഷാവ |
|---|---|---|---|---|---|---|

| | ഉദ്ദേശ്യം | | | ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തുക | | സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ലോൺ | സ.ഉ.(സാ)നം 849/2010/ തസ്വഭവ തീയതി 12.03.10 | 24,22,500 | 6,14,575 | 2,99,406 | 0 | 3,15,169 |
| 2 | ലൈഫ് ഭവനപദ്ധതി- ഹഡ്കോ ലോൺ | സ.ഉ.(എം.എസ്)നം 68/2018/തസ്വഭവ തീയതി 18.05.2018 | 25,28,508 | 25,28,508 | 0 | 0 | 25,28,508 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ വരവില്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | അനുബന്ധം | തൊഴിൽ നികുതി | തുക അടവാക്കിയിട്ടുണ്ട്. |
| 2015-16 | 2-2 | 2016-17 | ,, | തൊഴിൽ നികുതി | ,, |

# 4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,27,60,068 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,55,64,854 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,00,414 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - | - | - | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 ബി | 2,00,414 | ശ്രീ സുബ്രമണ്യൻ കെ കെ<br>പഞ്ചായത്ത് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സുബ്രമണ്യൻ കെ കെ<br>പഞ്ചായത്ത് സെക്രട്ടറി | അവധിയിൽ | കുഞ്ഞിത്തേമാലി വീട്<br>നായത്തോട് പി ഒ<br>അങ്കമാലി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1998-99 | എൽ.എഫ്.ഇ(പി-4)846/03/12.11.2003 |

| | |
|---|---|
| (ചെലവ്) | |
| 1999-00, 2001-02 (ചെലവ്) | എൽ.എഫ്.ഇ(പി-4)1696/03/ |
| 2004-05 | എൽ.എഫ്.ഇ(പി-4)593/10/05.07.2011 |
| 2005-06 | എൽ.എഫ്.ഇ(പി-4)594/10/05.07.2011 |
| 2006-07 | എൽ.എഫ്.ഇ(പി-4)242/08/04.04.2008 |
| 2007-08 | എൽ.എഫ്.ഇ(പി-4)1704/11/16.04.2012 |
| 2008-09 | എൽ.എഫ്.ഇ(പി-4)1705/11/16.04.2012 |
| 2009-10 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2010-11 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2011-12 | എൽ.എഫ്.ഇ(പി-4)1723/12/20.10.2012 |
| 2012-13, 2013-14 | എൽ.എഫ്.ഇ(പി-4)1773/14/06.04.2015 |
| 2014 - 15 | എൽ.എഫ്.ഇ(പി.1) 1078/16/01.07.2016 |
| 2015- 16 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2124/2016 |
| 2016-17 | നം.കെ.എസ്.എ.-ഇകെഎം (പി.13) 2176/17/29.11.2017 |
| 2017-18 | നം.കെ.എസ്.എ.-ഇകെഎം (പി.13) 146/19/18.03.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സർക്കാർ ഉത്തരവ് (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

<u>കാഞ്ഞൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>

1. എറണാകുളം ജില്ലാ സഹകരണബാങ്കിലെ അക്കൗണ്ട് നമ്പർ 006281000000010 പ്രകാരമുള്ള എം.എൻ. ഭവനപദ്ധതിയിൽ 2013-14 വർഷത്തിൽ നീക്കിയിരിപ്പ് തുകയായി ഉള്ള 13,12,876/- രൂപ കഴിഞ്ഞ അഞ്ച് വർഷമായി വാർഷിക കണക്കുകളിൽ നീക്കിയിരിപ്പായി തുടരുകയാണ്. ഈ അക്കൗണ്ടിൽ പലിശയൊന്നും ലഭിച്ചതായി രേഖപ്പെടുത്തലുകളുമില്ല.

2. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുകയും ആസ്തി മൂല്യം വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടില്ല.

3. I -18 (prior period items) സ്റ്റേറ്റ്മെന്റ് വസ്തു നികുതി ഇനത്തിൽ ജേർണൽ ചെയ്ത് ഡിമാൻഡിൽ മാറ്റം വരുത്തിയതായി കാണുന്നു. ആയതിന്റെ കെട്ടിട നമ്പരുകൾ സഹിതമുള്ള വിശദാംശങ്ങൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, സെക്രട്ടറിയുടെ ഉത്തരവ് മുതലായവ ഹാജരാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

Annexure – 1

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Kanjoor Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section ' 4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting Rules 2011, and guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions, and the Instructions vide G.O.(Rt) 1413/2018/ LSGD Dated. 22/05/2018.

In my opinion the Annual Financial Statement of Kanjoor Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, ERNAKULAM

Defects Identified on Verification of Kanjoor Grama Panchayat Annual Financial Statement - 2018-19.

(1) There is a balance of Rs. 13,12,876 in the Account No. 006281000000010 of M.N.Housing Scheme maintained at the Ernakulam District Co-op. Bank ltd Since2013-14. But it is seen that no interest has been credited in this account.

(2) Assets including land has not been valued completely and its value recorded in Asset Register and AFS

(3) It is seen that the demand in the property tax has been changed and included in the I-18 schedule as prior period items. But details regarding the building number, resolution of the panchayath committee, orders of the secretary etc were not produced for verification.

DEPUTY DIRECTOR